LIBRARY ARCHIVES Kerala Legislative Assembly

എസ്.സി./എസ്.റ്റി. തസ്തികകളുടെ ബാക്ക് ലോഗ്

23 (5089) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് അദ്ധ്യാപകരുടെ ജൂനിയർ, സീനിയർ തസ്തികകളിൽ എസ്.സി./എസ്.റ്റി വിഭാഗത്തിന്റെ ബാക്ക് ലോഗ് നികത്തുന്നതിനായി എത്ര എണ്ണം നീക്കിവച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഇങ്ങനെ മാറ്റിവച്ച തസ്തികകൾ എന്തുകൊണ്ടാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തസ്തികകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എസ്.സി./എസ്.റ്റി. വിഭാഗത്തിന്റെ ബാക്ക് ലോഗ് നികത്തുന്നതിനായി എച്ച്.എസ്.എസ്.റ്റി സീനിയർ (ഇംഗ്ലീഷ്) വിഭാഗത്തിൽ 20 ഒഴിവുകളും ജൂനിയർ വിഭാഗത്തിൽ 15 ഒഴിവുകളും നീക്കിവച്ചിട്ടുണ്ട്.

(ബി&സി) ടി ഒഴിവുകൾ ബാക്ക് ലോഗ് നിർണ്ണയിച്ച് ഉത്തരവാകുന്നമുറയ്ക്ക് മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

എസ്.എസ്.എ. പദ്ധതി

24 (5090) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം എസ്.എസ്.എ പദ്ധതിപ്രകാരം ഏതെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ വർഷത്തെ പദ്ധതി പ്രവർത്തനത്തിനായി കേന്ദ്രത്തിൽ സമർപ്പിച്ച എല്ലാ പ്രോജക്ടുകൾക്കും പണം അനുവദിച്ചിട്ടുണ്ടോ ;